# 75. പുതിയ എഴുത്തുകാരോട്

'പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുമെന്നെല്ലാമുള്ള വാക്കുകൾ മറ്റെല്ലാവരെയുംപോലെ നിങ്ങളും ആഡംബരത്തിനായി ഉപയോഗിക്കുന്നതാണെന്ന്, കൃത്യം ആറാം ദിവസം ഔപചാരികമായി അച്ചടിച്ച മറുപടിക്കത്തോടെ ഈയുള്ളവന്റെ ഒരു കഥ തിരിച്ചുകിട്ടിയപ്പോൾ മനസ്സിലായി. നന്ദി.

'നിങ്ങൾ പറഞ്ഞേക്കാം, കഥ മോശമായതുകൊണ്ടാണെന്ന്. ശരിയാണ്. മാത്രവുമല്ല, കിട്ടുന്ന എല്ലാ സൃഷ്ടികളും പ്രസിദ്ധീകരിക്കുക പ്രായോഗികമല്ലല്ലോ എന്നും നിങ്ങൾ പറഞ്ഞേക്കാം. അതും ശരിയാണ്. പക്ഷേ, പേരെടുത്ത ഒരെഴുത്തുകാരൻ തനി ചവറുസാധനം ഒരെണ്ണമയച്ചുതന്നാലും അതു മടക്കിയയയ്ക്കാൻ നിങ്ങൾ തയ്യാറാകുമോ? ഇല്ലെന്ന് എനിക്കുറപ്പിച്ചു പറയാൻ കഴിയും. കാരണം അയാളുടെ പേരു മാത്രം കണ്ട് നാലു കോപ്പി കൂടുതൽ ചിലവാകുന്നെങ്കിലോ? നിങ്ങൾക്ക് നിങ്ങളുടെ കച്ചവടതാല്പര്യങ്ങളാണു പ്രധാനം. അതു ഞങ്ങൾക്കും നിങ്ങൾക്കുമറിയാം. പിന്നെ എന്തിന് അഭിശപ്തമായ ഈ തലമുറയെ വീണ്ടും വീണ്ടും പൊള്ളയായ വാക്കുകൾ നൽകി വഞ്ചിക്കുന്നു.

'നിങ്ങൾക്കൊരുപക്ഷേ, വായിച്ചു ചിരിക്കാൻ പറ്റിയ ഒരു കത്തായതുകൊണ്ട് ഒരു കാര്യംകൂടി പറയട്ടെ. അയച്ച കഥകൾ മടങ്ങിവരുമ്പോഴല്ല ദുഃഖം. അത് സാധനം മോശമായതുകൊണ്ടാണെന്നു സമാധാനിക്കാം. പക്ഷേ, ഇല്ലാത്ത പൈസയുണ്ടാക്കി പ്രതീക്ഷാപൂർവം വാങ്ങുന്ന വാരികയിൽ, തന്റെ മടക്കിയയയ്ക്കപ്പെട്ട കഥകളെക്കാൾ പത്തു പ്രാവശ്യം മോശമായ ചവറുസാധനം വില കൊടുത്ത് വാങ്ങിക്കേണ്ടിവരുമ്പോൾ അറിയാതെ ദുഃഖംകൊണ്ടു നിറഞ്ഞുപോകുന്നു.

'പേര് എഴുതി സ്വയം പരിഹാസപാത്രമാകേണ്ടതില്ലല്ലോ. സത്യത്തിൽ, നിങ്ങളൊരു സാഡിസ്റ്റാണെങ്കിൽ, കത്തെങ്ങാനും പ്രസിദ്ധീകരിച്ചാലോ എന്നു വിചാരിച്ചാണ് പേരു വെക്കാത്തത്.

എഴുതിത്തുടങ്ങുന്ന ഒരു ചെറുപ്പക്കാരൻ.'

ഏതാണ്ട് ഈ മാതൃകയിലുള്ള കത്തുകൾ പത്രാധിപന്മാർക്ക് അപൂർവമല്ലാതെ കിട്ടാറുണ്ട്. ലേഖകൻ സ്വന്തം പേര് വെളിപ്പെടുത്തിയിട്ടുണ്ടെങ്കിൽ, പത്രാധിപർ മറുപടി നേരിട്ടെഴുതും. ചിലപ്പോൾ എഴുതിയില്ലെന്നും വരും. എന്നാലും, പ്രസിദ്ധീകരണത്തിനു വേണ്ടിയല്ലാതെ, തികച്ചും വ്യക്തിപരമായി, എഴുതിയ കത്തുകൾ സ്വന്തം തൊഴിലിനെപ്പറ്റി മതിപ്പുള്ള ഒരു പത്രാധിപരും, അയാൾ എത്ര വലിയ 'സാഡിസ്റ്റ്' ആണെങ്കിലും, പ്രസിദ്ധീകരിക്കുകയോ ലേഖകന് എതിരായി മറ്റേതെങ്കിലും വിധത്തിൽ ഉപയോഗപ്പെടുത്തുകയോ ചെയ്യുകയില്ല.

മുകളിൽ ചേർത്ത കത്തിൽ പേരില്ല. അത് എഴുതിയത് ആരാണെന്നറിഞ്ഞുകൂടാ. അതിനാൽ അതെഴുതിയ സുഹൃത്തിന് നേരിട്ട് ഒരു മറുപടി അയയ്ക്കാൻ നിവൃത്തിയില്ല. അതേസമയം പ്രാധാന്യമുള്ള ഒരു പ്രശ്നം അതിൽ ഉന്നയിച്ചിട്ടുമുണ്ട്. പുതിയ ലേഖകരിൽ പലരുടെയും മനോഭാവം ഒരുപക്ഷേ, അതു വെളിച്ചപ്പെടുത്തുന്നുണ്ടാവാം. അതിനാൽ, അതിന് ഒരു മറുപടി പറയേണ്ട ആവശ്യമുണ്ട്. പേരുവെക്കാതെ എഴുതിയ ആ കത്ത് ഇവിടെ ഉദ്ധരിച്ചത് അതുകൊണ്ടാണ്.

'പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കും' എന്ന് ഇക്കാലത്ത് ഒരു പത്രപ്രവർത്തകനും ആഡംബരത്തിനായിപ്പോലും പറയുകയില്ല.

എഴുത്തുകാരൻ പ്രതിഭാധനനാണ്. പ്രതിഭയ്ക്ക് പ്രോത്സാഹനം ആവശ്യമില്ല. പ്രോത്സാഹനം ആവശ്യമുള്ളത് എഴുത്തുകാരനല്ല. നേരെമറിച്ച് ഒരു വ്യവസായമായ പത്രത്തിനാണ്. ഒരു നല്ല കൃതി പ്രസിദ്ധീകരിക്കുമ്പോൾ പത്രം എഴുത്തുകാരനെയല്ല, എഴുത്തുകാരൻ പത്രത്തിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ഈ യാഥാർത്ഥ്യബോധം, ഈ ആത്മവിശ്വാസം, ഓരോ എഴുത്തുകാരനും ഉണ്ടാവണം.

പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുമെന്നല്ല, 'പുതിയ എഴുത്തുകാരുടെ രചനകൾക്ക് പരമാവധി പരിഗണന നല്കും' എന്നാണ് 'കലാലയം' ഉറപ്പു നല്കിയിട്ടുള്ളത്. പരിഗണനയും പ്രോത്സാഹനവും രണ്ടും രണ്ടാണ്. തന്റെ രചനയ്ക്ക് പരിഗണന നല്കപ്പെട്ടിരിക്കുന്നു എന്നാണ്, 'കൃത്യം ആറാം ദിവസം ഔപചാരികമായ, അച്ചടിച്ച മറുപടിക്കത്തോടെ' എങ്ങനെങ്കിലും കൃതി തിരിച്ചുകിട്ടുമ്പോൾ ലേഖകൻ മനസ്സിലാക്കേണ്ടത്. ഗൗരവത്തോടെ, ജീവിതസാധനയായി, ആത്മാവിഷ്കാരത്തിനു മാത്രമല്ല, സ്വന്തം വ്യക്തിത്വം അതിന്റെ പൂർണതയിൽ രൂപപ്പെടുത്തുന്നതിനുകൂടിയുള്ള മാധ്യമമായി, എഴുത്തിനെ തെരഞ്ഞെടുത്തിട്ടുള്ളവർക്കും തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നവർക്കും ഇതു മനസ്സിലാവും. പ്രശസ്ത കവിയായ ശ്രീ എൻ. കെ. ദേശത്തിന്റെ താഴെ ചേർക്കുന്ന പദ്യം ഇതിനു തെളിവാണ്. ഒരു പത്രാധിപരെ അനുസ്മരിച്ച് അദ്ദേഹം എഴുതിയത് എല്ലാ പത്രാധിപന്മാർക്കും ബാധകമത്രേ:

'ഞാനോർക്കുന്നു കൃതജ്ഞതാദര സമേ–
　　തം, പണ്ടു പത്രാധിപ–
സ്ഥാനത്തങ്ങു ലസിക്കെ, യെന്റെ കവിത–
　　യ്ക്കാഴ്ചപ്പതിപ്പിൽ സ്ഥലം
മാനിച്ചേകിയതല്ല, മിക്ക കൃതിയും
　　കിട്ടുമ്പോഴേക്കും മട–
ക്കാനായ്ക്കാട്ടിയ നിഷ്ഠ, നിഷ്ഠുരത നിർ–
　　ദ്ദാക്ഷിണ്യമാം ശിക്ഷണം.'

ഒരു നിരാകരണക്കുറിപ്പോടെ സ്വന്തം രചന തിരിച്ചുകിട്ടുന്നത്, തീർച്ചയായും അസുഖകരമായ ഒരനുഭവമാണ്. പക്ഷേ, ഈ അനുഭവം നിരാശതയിലേക്കോ പരിവേദത്തിലേക്കോ അല്ല എഴുത്തുകാരനെ നയിക്കേണ്ടത്. സ്വന്തം രചനയെപ്പറ്റി, മമതാബോധമില്ലാതെ, വീട്ടുനിന്ന്, ഒരു പരിശോധന നടത്തുന്നതിന് അയാൾക്കുള്ള അവസരമായിരിക്കണം ഓരോ നിരാകരണവും.

ഇംഗ്ലീഷ് ഭാഷയിൽ എഴുതുന്ന ഇന്ത്യൻ എഴുത്തുകാരിൽ ഏററവും പ്രശസ്തനായ ആർ. കെ. നാരായണൻ തന്റെ രചനാ സമ്പ്രദായത്തെപ്പററി ഈയിടെ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

'ദിവസേന ഒന്നോ രണ്ടോ മണിക്കൂർ എഴുതാൻ കിട്ടിയില്ലെങ്കിൽ ഞാനാകെ കുഴപ്പത്തിലാവും. ഓരോ ദിവസവും 500 മുതൽ 1000 വരെ വാക്കുകൾ ഞാൻ എഴുതുന്നു. ഈ ആദ്യത്തെക്കുറിപ്പ് കൃതിയുടെ അസ്ഥിവാരമാണെന്നു പറയാം. ഇപ്പോൾ, രണ്ടു മണിക്കൂർകൊണ്ട് ഞാൻ ആയിരം വാക്കുവരെ എഴുതും. അടുത്ത ദിവസം അതു വായിച്ചു തിരുത്താൻ ആറു മണിക്കൂർ ചെലവാക്കുന്നു. അങ്ങനെ തിരുത്തിയ കൈയെഴുത്തുപ്രതി ടൈപ്പു ചെയ്യാൻ കൊടുത്തയയ്ക്കുന്നു. അവസാനമായി ഞാൻ മൂന്നാമതൊരു പകർപ്പു തയ്യാറാക്കുന്നു. ഇതാണ് അവസാനത്തെ പകർപ്പ്.'

ആർ. കെ. നാരായണനെപ്പോലെ കൃതഹസ്തനായ ഒരെഴുത്തുകാരനു തന്നെ ഇത്രയും ശ്രമം പിടിച്ചു, ഇത്രയുമേറെ സമയം ചെലവഴിക്കേണ്ട,

ഒരു പ്രവൃത്തിയാണ് എഴുത്തെങ്കിൽ, എഴുതിത്തുടങ്ങുന്ന ഒരു ചെറുപ്പക്കാരൻ സ്വന്തം രചന മെച്ചപ്പെടുത്താൻ എത്രമാത്രം യത്നിക്കേണ്ടതില്ല!

കാക്കയ്ക്കും തൻപിള്ള പൊൻപിള്ളയാണ്. താനെഴുതിയതു് നന്നെന്നു് കരുതാത്തവർ ഉണ്ടാവില്ല. അങ്ങനെ കരുതാത്തവർ എഴുതുകയുമില്ല. പക്ഷേ, അതുകൊണ്ടായില്ലല്ലോ. എഴുതുന്നതോടെ എഴുത്തുകാരന്റെ ചുമതല തീർന്നു. ഇനിയങ്ങോട്ടുള്ള ചുമതല വായനക്കാരന്റേതാണ്. വായനക്കാരനു രചന രസിക്കണം. 'ഇതു തീർച്ചയായും വായിക്കണമല്ലോ' എന്ന വിചാരം കൃതിയുടെ പേരു കാണുമ്പോൾത്തന്നെ ,വായനക്കാരനുണ്ടാവണം. തനിക്കുകൂടി താല്പര്യമുള്ള, തന്റെ ചേതനയെക്കൂടി മഥിക്കുന്ന, ഒരു പ്രശ്നമാണ് പ്രകൃതരചനയിലുള്ളതെന്നു തോന്നുമ്പോഴേ വായനക്കാരൻ അതിലേക്കു് ആകർഷിക്കപ്പെടുകയുള്ളു.

പ്രശ്നത്തിൽ താല്പര്യമുള്ളതുകൊണ്ടു മാത്രം എല്ലാമായോ? ഇല്ല, പ്രശ്നം അവതരിപ്പിക്കുന്ന രീതിയും വായനക്കാരനു രുചിക്കണം. ആദ്യത്തെ വാക്യംമുതൽ, തുടർന്നു വായിക്കാനുള്ള പ്രചോദനം അയാൾക്കുണ്ടാവണം.

ഈ വിധത്തിൽ, പ്രമേയംകൊണ്ടും പ്രതിപാദനംകൊണ്ടും, വായനക്കാരന്റെ താല്പര്യം ഉത്തേജിപ്പിക്കുന്ന ഒന്നാണോ നിങ്ങളുടെ കൃതി? ഇതു പരിശോധിക്കുന്നതിനുള്ള ഉത്തമമാർഗം, നിങ്ങളോളമോ നിങ്ങളിൽ കൂടുതലോ സാഹിത്യസംസ്കാരമുള്ളവരുമായി നിങ്ങളുടെ രചനയെപ്പറ്റി വിചാരവിനിമയം നടത്തുകയാണ്. നിങ്ങൾ വിദ്യാർത്ഥികളാണെങ്കിൽ സ്വന്തം സഹപാഠികളെയും, പറ്റുമെങ്കിൽ അദ്ധ്യാപകരെയും നിങ്ങളുടെ കൃതികൾ വായിച്ചു കേൾപ്പിക്കുക. അവരുടെ പ്രതികരണം ശ്രദ്ധിക്കുക. അവരുടെ വിമർശനം ചെവിക്കൊള്ളുക. അതിൽ കാതൽ ഉണ്ടോ എന്നു വിചിന്തനം ചെയ്യുക. അതനുസരിച്ചു്, ആവശ്യമെങ്കിൽ, സ്വന്തം കൃതി മാറ്റിയെഴുതുക. പുതിയ രൂപത്തിൽ രചന വീണ്ടും വിമർശനത്തിനു സമർപ്പിക്കുക. വീണ്ടും മാറ്റി എഴുതുക. നിങ്ങൾക്കും (കുറെയൊക്കെ വിമർശകർക്കും) പൂർണ സംതൃപ്തി വരുംവരെ ഈ പ്രക്രിയ തുടരുക.

സമാന സംസ്കാരരായ സമപ്രായക്കാരുടെ വിമർശനംപോലെ പുതിയ എഴുത്തുകാരുടെ വളർച്ചയെ മറ്റൊന്നും പ്രോത്സാഹിപ്പിക്കുന്നില്ല.

ആർ. കെ. നാരായണനു് തന്റെ കൃതി മൂന്നു പ്രാവശ്യം മാറ്റിയെഴുതാമെങ്കിൽ, നിങ്ങൾക്കു് മൂന്നിലേറെ തവണ നിങ്ങളുടെ കൃതി സംസ്കരണവിധേയമാക്കിക്കൂടേ. ഈ കാര്യത്തിൽ വൈക്കം മുഹമ്മദ്ബഷീറിനെ നിങ്ങൾ മാതൃകയാക്കുക. ഒരു കൃതി പലതവണ തിരുത്തിയെഴുതി, പൂർണമെന്നു തികച്ചും ബോധപ്പെട്ട ശേഷമല്ലാതെ ബഷീർ ഒരിക്കലും പ്രസിദ്ധീകരണത്തിനു നല്കിയിട്ടില്ല.

പത്രാധിപർ, ആദ്യമായി, വായനക്കാരുടെ പ്രതിനിധിയാണ്. അച്ചടിക്കുംമുമ്പ് കൃതി വായിച്ചുനോക്കുന്ന വായനക്കാരനാണ് പത്രാധിപർ. സ്വന്തം മുൻവിധികളെല്ലാം മാറ്റിനിറുത്തി തികച്ചും ഒരു ശരാശരി വായനക്കാരന്റെ മനോഭാവത്തിൽ മുഴുകിയാണ് പത്രാധിപർ നിങ്ങളുടെ കൃതിയുടെ കൈയെഴുത്തുപകർപ്പ് വായിച്ചുനോക്കുന്നതു്. തനിക്കു രസിച്ചാൽ വായനക്കാർക്കും അതു രസിക്കുമെന്നു് അയാൾ നിശ്ചയിക്കുന്നു. തന്റെ ചിന്തയെ ഒരു രചന വെല്ലുവിളിക്കുന്നുണ്ടെങ്കിൽ, വായനക്കാരുടെ ചിന്തയിലും അതു് അലയൊലി ഉയർത്താതിരിക്കുകയില്ലെന്നു് അയാൾ വിശ്വസിക്കുന്നു. ഒരു നല്ല രചന കണ്ടെത്തുമ്പോൾ പത്രാധിപർക്കുണ്ടാകുന്ന ആഹ്ലാദത്തിനു് അതിരില്ല. മിനക്കെട്ടു വായിച്ച ശേഷം ഒരു കൃതി പത്രാധിപർ തിരികെ അയയ്ക്കുന്നതു് സത്യമായ, തീരെ ഔപചാരികമല്ലാത്ത ഖേദത്തോടെയാണ്.

പത്രാധിപരും ലേഖകനും തമ്മിൽ ഇത്തരമൊരു അടിസ്ഥാനധാരണ

യില്ലെങ്കിൽ പത്രപ്രവർത്തനവും ലേഖകവൃത്തിയും ആഹ്ലാദത്തിനും ആത്മതൃപ്തിക്കും പകരം, മനഃക്ലേശവും നൈരാശ്യവും മാത്രമാണ് ഇതുകൂട്ടർക്കും ഉളവാക്കുക.

തന്റെ ഒരു കൃതി പത്രമാഫീസിൽനിന്നു തിരിച്ചു കിട്ടുമ്പോൾ, അതു് 'അഭിശപ്തമായ ഈ തലമുറ'യുടെ ദുര്യോഗമായി സാമാന്യവല്ക്കരിക്കുന്നതു് കുറെ കടന്നകൈയല്ലേ? മറിച്ചു്, ആ രചന പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ അതുകൊണ്ടു് ഈ തലമുറ 'അനുഗൃഹീതം' ആവുമോ? വ്യക്ത്യനുഭവങ്ങളെ ഇങ്ങനെ സാമാന്യവല്ക്കരിക്കാതിരിക്കുക. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം ഇത്ര സരളമോ ഋജുവോ അല്ല. നിങ്ങളുടെ പരാജയങ്ങൾക്കും ഇച്ഛാഭംഗങ്ങൾക്കും, അതുപോലെ വിജയങ്ങൾക്കും സാഫല്യങ്ങൾക്കും സമൂഹം ഒരളവോളം കാരണമായിരിക്കാം. പക്ഷേ, സമൂഹത്തേക്കാളേറെ ഇവയ്ക്കു് ഉത്തരവാദി നിങ്ങൾ, നിങ്ങൾ മാത്രമാണെന്ന സത്യം ഒരിക്കലും വിസ്മരിക്കാതിരിക്കുക.

പേരെടുത്ത എഴുത്തുകാരുടെ (പേരെടുക്കാത്തവരുടെയും) 'ചവറു സാധനം' പ്രതീക്ഷാപൂർവം വാങ്ങുന്ന വാരികയിൽ കാണുന്നുണ്ടോ എന്നതാണു്, മുമ്പു് ഉദ്ധരിച്ച കത്തിൽ ഉന്നയിച്ച മറ്റൊരു പ്രശ്നം.

അങ്ങനെ കാണുന്നുണ്ടെങ്കിൽ, തീർച്ചയായും നിങ്ങളുടെ ധാർമിക രോഷം ഉദ്ദീപ്തമാകേണ്ട സന്ദർഭമാണു് അതു്. 'വാരിക'യിലെ (അല്ലെങ്കിൽ മറ്റേതെങ്കിലും ആനുകാലികത്തിലെ) ഒരു രചന പ്രസിദ്ധീകരണം അർഹിക്കാത്തതാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ ഉടനെ നിങ്ങളുടെ പ്രതിഷേധം പത്രാധിപരെ അറിയിക്കുക. അതേസമയം നിങ്ങളുടെ പ്രതിഷേധം, യുക്തിസംഗതമാണെന്നു് ഉറപ്പുവരുത്തുകയും ചെയ്യുക. നിങ്ങൾ തള്ളിപ്പറയുന്ന കൃതി എന്തുകൊണ്ടു് മോശമാണെന്നു് ഉപപാദിക്കുക. നിങ്ങളുടെ വികാരത്തിനു് വിചാരത്തിന്റെ പിന്തുണ നല്കുക.

'എന്നിട്ടെന്തു കാര്യം?' എന്നു നിങ്ങൾ ചോദിക്കുമായിരിക്കും. കാര്യമുണ്ടു്. വായനക്കാരാണു പത്രത്തിന്റെ സ്വഭാവം നിർണയിക്കുന്നതു്. അവരുടെ നിരന്തരമായ, നിർലോഭമായ സഹായത്തിലാണല്ലോ പത്രത്തിന്റെ നിലനില്പു്. വായനക്കാരെ അവഗണിക്കാൻ ഒരു പത്രത്തിനും കഴിയുകയില്ല. പത്രത്തിന്റെ നിലവാരം ഉയരുന്നതും താഴുന്നതും വളരെ വലിയ ഒരളവിൽ, വായനക്കാരുടെ പ്രതികരണത്തെ ആശ്രയിച്ചിരിക്കുന്നു. വായനക്കാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കു് .'കലാലയം' തീർച്ചയായും പരമമായ പരിഗണന നല്കുന്നുണ്ടു്, നല്കുകയും ചെയ്യും. പക്ഷേ, ആ ഇഷ്ടാനിഷ്ടങ്ങൾക്കു പിന്നിലെ വികാരം മാത്രമല്ല, വൈചാരിക പ്രക്രിയകൂടി അറിഞ്ഞാലേ, തുടർന്നു് എന്തെങ്കിലും നടപടി കൈക്കൊള്ളുക സാധ്യമാവൂ.

ഇത്രയും എഴുതുന്നതിനു് സന്ദർഭമുണ്ടാക്കിയ അജ്ഞാതനാമാവായ സുഹൃത്തിനോടു് എനിക്കു നന്ദിയുണ്ടു്. പേർ വെക്കാതെ എഴുതിയ അദ്ദേഹത്തിന്റെ കത്തു് പ്രസിദ്ധീകരിച്ചതിൽ അദ്ദേഹത്തിനു പരിഭവമുണ്ടാവുകയില്ലെന്നു വിശ്വസിക്കുന്നു.

15 ഫെബ്രുവരി, 1982